# ക്രിസ്തുസമാനമായ രീതിയിൽ ജീവിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുക

സാക് പുന്നൻ

WFTW 12 ജൂലൈ 2015

പൗലൊസ് എഫെസൊസിലുള്ള സഭയിലെ മൂപ്പന്മാരോട് യാത്ര പറയുവാൻ അവരെ വിളിച്ചു കൂട്ടിയപ്പോൾ അപ്പസ്തൊല പ്രവൃത്തി 20:17-35ൽ അവരോട് പറഞ്ഞതെന്താണെന്നു ശ്രദ്ധിക്കുക. കഴിഞ്ഞ മൂന്നു വർഷം അവരോട് കൂടെ ഇരുന്ന് രാവും പകലും അവരെ പ്രബോധിപ്പിച്ച കാര്യം അദ്ദേഹം അവരെ ഓർപ്പിച്ചു. മൂന്നു വർഷം എന്നത് ആയിരത്തിൽ അധികം ദിവസങ്ങൾ ആണ്. അതുകൊണ്ട് പൗലൊസ് എല്ലാ ദിവസവും രണ്ടു നേരം പ്രസംഗിച്ചിട്ടുണ്ടെങ്കിൽ, ഇവിടെ സൂചിപ്പിച്ചതുപോലെ, അദ്ദേഹം 2000 പ്രസംഗങ്ങൾ അവിടെ പറഞ്ഞിട്ടുണ്ട്.

ഒരിക്കൽ ഒരു വലിയ ഉണർവ്വുണ്ടായിട്ട് ക്രിസ്ത്യാനികൾ അവരുടെ അഞ്ചു ലക്ഷം രൂപാ വിലയുള്ള മന്ത്രവാദത്തിന്റെയും ക്ഷുദ്ര പ്രയോഗത്തിന്റെയും പുസ്തകങ്ങൾ ചുട്ടു കളഞ്ഞിട്ടുള്ള സ്ഥലമാണ് എഫെസൊസ്. രോഗികളെ സൗഖ്യമാക്കുവാനും ദുരാത്മാക്കൾ ബാധിച്ചിരുന്നവരെ വിടുവിക്കുവാനും പൗലൊസിന്റെ ശരീരത്തിൽ കിടന്ന റൂമാലും ഉത്തരീയവും ഉപയോഗിച്ച സ്ഥലവും ഇതു തന്നെയാണ്. മറ്റൊരിടത്തും കണ്ടിട്ടില്ലാത്ത ഒരളവിൽ ദൈവം ചില അത്ഭുതകരമായ വീര്യപ്രവൃത്തികൾ പൗലൊസിലൂടെ അവിടെ ചെയ്തു (അപ്പ.പ്ര. 19:11,12,19 കാണുക). ഇതിന്റെ എല്ലാം ഒടുവിൽ പൗലൊസ് എന്താണ് മൂപ്പന്മാരെ ഓർപ്പിച്ചത്? തന്റെ പ്രസംഗങ്ങളെക്കുറിച്ചോ അതിശയപ്രവൃത്തികളെക്കുറിച്ചോ ആയിരുന്നോ അദ്ദേഹം അവരെ ഓർമ്മപ്പെടുത്തിയത്? അല്ല.

അവർ പൗലൊസിനെ കണ്ട ആദ്യ ദിവസം മുതൽ താൻ അവരുടെ ഇടയിൽ എത്ര താഴ്മയോടെയാണ് ജീവിച്ചതെന്ന കാര്യമാണ് അദ്ദേഹം അവരെ ഓർമിപ്പിച്ചത് (അപ്പ. പ്ര. 19:19). അവർ പൗലൊസിന്റെ ഉപദേശങ്ങൾ മറന്നു പോയാലും, അദ്ദേഹം അവരുടെ ഇടയിൽ എങ്ങനെ ജീവിച്ചു എന്ന കാര്യം ഒരിക്കലും അവർക്കു മറക്കാൻ കഴിയുകയില്ല. അദ്ദേഹത്തിന്റെ ജീവിതം അവരിൽ സ്ഥായിയായ ഒരു സ്വാധീനം ചെലുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മനസ്സലിവും ലാളിത്യവും അവർക്കൊരിക്കലും മറക്കാൻ കഴിയുകയില്ല. താൻ മറ്റുള്ളവർക്ക് ഒരു ഭാരമാകാതിരിക്കുന്നതിനും വേണ്ടി അദ്ദേഹം ഒരു കൂടാരപ്പണിക്കാരൻ എന്ന നിലയിൽ സ്വന്ത കൈകളാൽ കഠിനാദ്ധ്വാനം ചെയ്ത കാര്യം അവർ ഓർക്കും (അപ്പ. പ്രവ. 19:34,35). ആ മൂന്നു വർഷങ്ങളിലും അവരിൽ ആരിൽ നിന്നും ഒരിക്കലും പൗലൊസ് അവരുടെ പണമോ, ദാനങ്ങളോ, അല്ലെങ്കിൽ ഒരു സെറ്റ് പുതിയ വസ്ത്രങ്ങളോ ആഗ്രഹിച്ചില്ല എന്നത് അവർ ഒരിക്കലും മറക്കില്ല (വാ.33).

ഒട്ടും മറച്ചുവയ്ക്കാതെ ദൈവത്തിന്റെ മുഴുവൻ ആലോചനയും എപ്രകാരം അവർക്ക് ഉപദേശിച്ചു കൊടുത്തിട്ടുണ്ട് എന്നതും (അപ്പ. പ്ര. 20:27) പൗലൊസ് അവരെ ഓർമ്മപ്പെടുത്തി. പ്രസിദ്ധി അന്വേഷിച്ചുകൊണ്ട് മനുഷ്യനെ പ്രസാദിപ്പിക്കുന്ന ഒരുവനായിരുന്നില്ല അദ്ദേഹം. മാനസാന്തരവും അതുപോലെ ജനഹിതമല്ലാത്ത എല്ലാ വിഷയങ്ങളും, ഏതാനും ചിലർക്ക് അതിനാൽ ഇടർച്ചയുണ്ടായാൽ പോലും, അത് അദ്ദേഹത്തെ കേൾക്കുന്നവർക്ക് പ്രയോജനമുള്ളതാണെങ്കിൽ, അദ്ദേഹം പ്രസംഗിച്ചിരുന്നു (വാ. 20:20,21). ഈ കാര്യങ്ങളാണ് പൗലൊസ് അവർക്ക് ചൂണ്ടിക്കാണിച്ചുകൊടുത്തത്.

പൗലൊസ് എഫെസൊസിൽ ചെയ്തതുപോലെ നിങ്ങളും ഒരു സഭയിൽ മൂന്നു വർഷം ഉടയ ശുശ്രൂഷ ചെയ്തതിനു ശേഷം അതിനെ വിട്ടുപോകുകയാണെങ്കിൽ നിങ്ങളുടെ വിശ്വാസി സമൂഹം എന്തായിരിക്കും നിങ്ങളെക്കുറിച്ച് ഓർക്കുന്നത്? ഹൃദയഹാരിയായ ഒരു പ്രസംഗകനായിട്ടാണോ അതോ യേശു എങ്ങനെ ആയിരുന്നു എന്നു നിങ്ങളുടെ ജീവിത്തിലൂടെ കാണിച്ചു കൊടുത്ത താഴ്മയുള്ള ഒരു ദൈവമനുഷ്യനായാണോ അവർ നിങ്ങളെ ഓർക്കാൻ പോകുന്നത്? ദൈവത്തിങ്കലേക്ക് അവരെ കൂടുതൽ വലിച്ച് അടുപ്പിച്ചിട്ട് കൂടുതൽ ക്രിസ്തു സമാനരാകുവാൻ അവരെ വെല്ലുവിളിക്കുന്ന ഒരുവനായിട്ട് അവർ നിങ്ങളെക്കുറിച്ച് ഓർക്കുമോ

അതോ ട്രാക്റ്റുകൾ വിതരണം ചെയ്യുവാൻ അവരെ പഠിപ്പിച്ച ഒരാളായിട്ടാണോ? നമ്മുടെ വിളിയും ശുശ്രുഷയും എന്തു തന്നെ ആയാലും അത് ക്രിസ്തുസമാനമായ ഒരു ജീവിതത്തിന്റെ ആന്തരിക ഉറവയിൽ നിന്ന് ഒഴുകണം.

രോഗശാന്തി വരമുള്ള ഒരാൾ അതിനെ ഉപയോഗപ്പെടുത്തുന്നത് യേശു അത് ഉപയോഗിച്ച വിധത്തിലായിരിക്കണം. രോഗികളെ സൗഖ്യമാക്കുന്നതിനു മുമ്പോ ശേഷമോ അവരിൽ നിന്ന് ഒരു കാശും വാങ്ങാതെ, അവരോട് വളരെ മനസ്സലിവുള്ളവനും, സ്വാതന്ത്ര്യത്തോടുകൂടെ എല്ലാതരത്തിലുമുള്ള ആളുകളോടും കൂടിച്ചേർന്നവനും, ലളിത ജീവിതം നയിച്ചവനുമായ ഒരു വിനീത മനുഷ്യനായിരുന്നു യേശു. അവിടുന്ന് ജനങ്ങളെ സൗഖ്യമാക്കിയത് സൗജന്യമായാണ്. എന്നാൽ എന്റെ മുഴുവൻ ജീവിതകാലത്തിൽ ഒരിക്കൽപോലും അതുപോലെ ഒരു രോഗശാന്തി ശുശ്രൂഷകനെ ഞാൻ കണ്ടിട്ടില്ല. നിങ്ങൾ അങ്ങനെയുള്ള ആരെയെങ്കിലും കണ്ടുമുട്ടുന്നെങ്കിൽ, ദയവുചെയ്ത് എന്നെ അറിയിക്കുക. കാരണം ഞാൻ അയാളെ സന്ധിക്കുവാൻ ഇഷ്ടപ്പെടുന്നു. എന്നാൽ ഞാൻ ഇതുവരെ അങ്ങനെ ഒരാളിനെ കണ്ടു മുട്ടിയിട്ടില്ല. അതിനു പകരം, പണസ്നേഹികളായ ധാരാളം പ്രസംഗകരെ ഞാൻ കണ്ടു മുട്ടിയിട്ടുണ്ട്. അവർ രോഗശാന്തി വരമുള്ളവരാണെന്ന് നടിച്ചിട്ട് ജനങ്ങളെ തങ്ങളുടെ മനശാസ്ത്രപരമായ സൂത്രങ്ങൾ കൊണ്ട് വഞ്ചിക്കുന്നു. ഇതിലെല്ലാമുള്ള ദുഃഖകരമായ കാര്യം എന്താണെന്നു വച്ചാൽ, വിവേചനമില്ലാത്ത, ചെറുപ്പക്കാരായ ആളുകൾ ഈ വഞ്ചകന്മാരെ പിന്തുടരുകയും അവർ തന്നെ അത്തരത്തിലുള്ള ഒര ശുശ്രൂഷയ്ക്കായി അന്വേഷിക്കുകയും ചെയ്യുന്നു! അങ്ങനെ അടുത്ത തലമുറയുംകൂടി തെറ്റായ വഴിയിൽ നയിക്കപ്പെടുന്നു! എന്നെ ദുഃഖിപ്പിക്കുന്ന കാര്യം ഇതാണ്. നാം അപ്പസ്തൊലിക ശുശ്രൂഷയ്ക്കായിട്ടോ, പ്രവചന ശുശ്രൂഷയ്ക്കായിട്ടോ, സുവിശേഷകന്റെ ശുശ്രൂഷയ്ക്കായിട്ടോ, ഉപദേഷ്ടാവിന്റെ ശുശ്രൂഷയ്ക്കായിട്ടോ, അല്ലെങ്കിൽ എന്തെല്ലാം ശുശ്രൂഷകൾക്കായി വിളിക്കപ്പെട്ടിട്ടുണ്ടെങ്കിലും നാം അത് ക്രിസ്തുസമാനമായ രീതിയിൽ ചെയ്യണം. എല്ലാ വിളിയിലും ക്രിസ്തുവിന്റെ ആത്മാവ് നമ്മെ ഉത്സാഹിപ്പിക്കണം.

ഒരു സഭയെ പാലിക്കാനായി ദൈവം നിങ്ങളെ വിളിച്ചിരിക്കുന്നു എന്ന് നിങ്ങൾക്ക് തോന്നുന്നെങ്കിൽ, അത് യേശു ചെയ്യുമായിരുന്ന വിധത്തിൽ ചെയ്യുക. നിങ്ങളുടെ കൂട്ടത്തിന്മേൽ നിങ്ങൾ രൂപപ്പെടുത്തുന്ന നിലനില്ക്കുന്ന മതിപ്പ്, യേശുവിന്റെ തേജസ്സിനാൽ പ്രശോഭിക്കപ്പെട്ട ഒരു മനുഷ്യൻ എന്നതായിരിക്കട്ടെ.